26

# ക്രൂശ് നവീകരിക്കൽ

## (12:32)

*ഗ്രന്ഥകർത്താവിന്റെ കുറിപ്പ്: ലോകം അവസാനിക്കുന്നു എന്നു തോന്നിയ സമയം ആയിരുന്നു, 1995 ഏപ്രിൽ 16 ലെ ആഴ്ച. എന്റെ നല്ല സ്നേഹിതന്മാരിൽ ഒരാൾ ഹൃദയത്തിനുള്ള കുഴപ്പം പരിശോധിക്കുവാനായി പ്രവേശിപ്പിച്ചതു തൊട്ടു മുൻപിലത്തെ ആഴ്ചയിലായിരുന്നു. അയാൾക്കു പരിശോധനയിൽ ഭയമൊന്നുമില്ലായിരുന്നു, ഫലത്തെക്കുറിച്ചു ശുഭാപ്തി വിശ്വാസിയായിരുന്നു അയാൾ. എങ്ങനെയായാലും, ഉച്ച കഴിഞ്ഞ് ഡോക്ടർ വന്നു അയാളുടെ ഹൃദയത്തിനു മോശമായ അവസ്ഥയാണ് എന്നു പറഞ്ഞു. അമ്പതു മൈൽ അകലെയുള്ള തലസ്ഥാനനഗരത്തിലുള്ള ഒരു ആസ്പത്രിയിലേക്കു കൊണ്ടുപോയി അവിടെ ഹൃദയത്തിനു ബൈപാസ് ശസ്ത്രക്രിയ നടത്തുവാൻ ആംബുലൻസ് വരുത്തി! ആ തിങ്കളാഴ്ച്ച വൈകുന്നേരം, സഭയിലെ മൂപ്പന്മാരിൽ ഒരാൾ ബോൾ കളിക്കുമ്പോൾ കണ്ണിൽ അടി - പെട്ട് ഒരു കണ്ണിന്റെ കാഴ്ച്ച പൂർണ്ണമായും നഷ്ടപ്പെട്ട അവസ്ഥയിൽ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. അതേ രാത്രിയിൽ എനിക്കു അന്നു പരിചയമില്ലാത്ത ഒരു ക്രിസ്തീയ പെൺകുട്ടിയെ യൂണിവേഴ്സിറ്റിയിൽ നിന്നു തട്ടിക്കൊണ്ടുപോയി. പെൺകുട്ടിയുടെ സുഹൃത്തുക്കളും യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥരും, പ്രാദേശിക പോലീസും ഓടിനടന്നു തിരച്ചിൽ നടത്തി. ചൊവ്വാഴ്ച്ച ഉച്ചതിരിഞ്ഞ്, അവളുടെ മൃതശരീരം ഒരു ഇരുമ്പുപെട്ടിയിലാക്കി, ഉൾറോഡിൽ ഉപേക്ഷിക്കപ്പെട്ടതായി കണ്ടെത്തിയ ഞെട്ടിക്കുന്നവാർത്തയെത്തി. അത്തരം സംഭവം വലിയ പട്ടണങ്ങളിൽ നടക്കുന്നുണ്ടാവാം, പക്ഷെ ഞങ്ങളുടെ ടൗണിൽ അത്തരം സംഭവങ്ങൾ അപൂർവ്വമാണ്. അടുത്ത ദിവസം ആ മരണപ്പെട്ട പെൺകുട്ടിയെ സ്മരിക്കുന്ന ഒരു പ്രത്യേക സെർവ്വീസ് യൂണിവേഴ്സിറ്റി ചാപ്പലിൽ നടന്നു. സാധാരണ സംസാരിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ അരമണിക്കൂർ നേരം നിശബ്ദമായി, ഹൃദയം - നുറുങ്ങി, കണ്ണുനീർ ഒഴുകിയ മുഖത്തോടെ ഇരുന്നു.*

*ചാപ്പലിൽ നിന്നു ഞാൻ എന്റെ ഓഫീസിലേക്കുപോയി, കസേരയിൽ കഷ്ടിച്ചു ഇരുന്നതേയുള്ളൂ, അതിനിടയിൽ ആരോ വന്നു ഓക്‌ളഹോമയിലെ, ഓക്‌ളഹോമ സിറ്റിയിലുള്ള ഫെഡറൽ കെട്ടിടം ആരോ ബോംബ് വെച്ചു തകർക്കുകയും ഇരുന്നൂറിലധികം പേർ മരിക്കുകയും*

*ചെയ്തു എന്ന വാർത്ത കൊണ്ടുവന്നു! മൂന്നു - ദിവസങ്ങൾക്കുള്ളിൽ ഇനി എന്തെല്ലാം നാശം ഉണ്ടാകണം? അടുത്തതെന്തായിരിക്കും?*

*ഈ ദുഃഖകരമായ സംഭവങ്ങളുടെ എല്ലാം ആകെത്തുക ചികഞ്ഞു കൊണ്ടിരിക്കുമ്പോൾ, എന്റെ മനസ്സുവരുന്ന ഞായറാഴ്ച്ചയെ കുറിച്ചാ യിരുന്നു. ഇങ്ങനെയുള്ള ഒരാഴ്ച്ചക്കുശേഷം എന്താണ് സംസാരിക്കേ ണ്ടത്? കഴിഞ്ഞയാഴ്ച്ച ഞങ്ങൾ കണ്ടുമുട്ടിയതിനുശേഷം ക്രമം തെറ്റി, കലർപ്പില്ലാത്ത ദുഃഖകരമായ വാർത്തകൾ ഒന്നൊന്നായി ആ ആഴ്ച്ച യിൽ നടന്നിരുന്നു. അതുപോലെയുള്ള സമയത്ത്, സഭ എന്താണ് കേൾക്കേണ്ടത്? ഇരുപത്തി - ആറു ആഴ്ച്ചകൾ നീണ്ട യോഹന്നാന്റെ സുവിശേഷത്തിൽ നിന്നുള്ള പഠനം നടത്തുകയായിരുന്നു. ഞാൻ യോഹന്നാന്റെ സുവിശേഷം തുടരണോ, അതോ ആഴ്ച്ചയിലെ ഭയാന കമായ സംഭവങ്ങളെ എടുത്തു സംസാരിക്കണോ? ഞാൻ പ്രാർത്ഥി ച്ചുകൊണ്ടു ക്രിസ്തുവിന്റെ ക്രൂശിലേക്കു "മടങ്ങുവാൻ" സഭയെ ഉത്സാ ഹിപ്പിക്കുവാൻ തീരുമാനിച്ചു.*

---

വ്യത്യസ്ത വികാര വിചാരങ്ങളുമായാണ് നാം ഞായറാഴ്ച്ചകളിൽ കൂടി വരുന്നത്. ചിലപ്പോൾ നാം *വരണം* എന്നു വിചാരിച്ചു വരുന്നു. മറ്റു സമയങ്ങളിൽ ഒന്നിച്ചു ചേരുവാൻ *ആഗ്രഹിച്ചു* വരുന്നു. ആ ഞായ റാഴ്ച്ച, പ്രത്യേകമായി, കഴിഞ്ഞ സംഭവ വികാസങ്ങൾ കഴിഞ്ഞു, നാം കൂടി*വരേണ്ടി*വന്നിരിക്കയാണ്. നാം അന്യോന്യം ആശ്വസിപ്പിക്കയും, പ്രചോദിപ്പിക്കയും, ലോകത്തിൽ എന്താണ് നീണ്ടുനില്ക്കുന്നതു എന്നു ഓർമ്മിപ്പിക്കേണ്ടതുമാണ്. ഇന്നു, മറ്റു മിക്ക ഞായറാഴ്ച്ചകളേക്കാൾ അധികം നമുക്കു കർത്തൃമേശ *ആവശ്യമാണ്.*

നമുക്കു കർത്തൃമേശ ആവശ്യമാണ് കാരണം കർത്തൃമേശ ഓർപ്പി ക്കുന്ന ചിലതു ക്രൂശിനെ സംബന്ധിച്ചു നവീകരിക്കപ്പെട്ടുകൊണ്ടിരി ക്കയാണ്. വട്ടം കറങ്ങിവീഴാൻ പോയ കുട്ടികളെപ്പോലെ ആയിരുന്നു കഴിഞ്ഞ ആഴ്ച്ച. തല കറക്കം അനുഭവപ്പെട്ട കുട്ടികളെപ്പോലെ, നാം ലോകത്തിലേക്കു നോക്കിയപ്പോൾ, ലോകം നമ്മെയും കൊണ്ടുപറക്കു ന്നതുപോലെ, നമ്മുടെ ബാലൻസ് നഷ്ടപ്പെട്ടതുപോലെ തോന്നി. ഓരോ സമയത്തും, എന്തിലെങ്കിലും പിടിക്കണമെന്നു തോന്നുന്നു - ഇളകാ ത്തതും ശക്തിയുള്ളതുമായ ഒന്നിൽ - നമ്മുടെ കൈകൾ അതിനെ ചുറ്റിപ്പിടിച്ചുനിന്നു തലകറക്കം മാറി സ്വന്തം കാലിൽ സ്വയമായി നില്ക്കു വാൻ കഴിയുന്നതുവരെ അങ്ങനെ നില്ക്കും. കഴിഞ്ഞ ഏഴു ദിവസ ങ്ങളിൽ അതെല്ലാം സംഭവിച്ചശേഷം, ഇന്നു, നാം ക്രൂശിനെ പറ്റിപ്പിടി ച്ചിരിക്കുന്നതായി കാണുന്നു.

എനിക്കുരോഗം വന്നാൽ, ഞാൻ ക്രമം തെറ്റി, സമയനിഷ്ഠയും മാറും. രോഗത്തിൽ നിന്നു ശമനം കിട്ടുന്നതുവരെ പല ദിവസങ്ങൾ വീട്ടിൽ തന്നെ കഴിയേണ്ടിവന്നതു ഞാൻ ഓർക്കുന്നു. സാധാരണ രോഗം ഭേദമായി തുടങ്ങുമ്പോൾ, ഞാൻ പറയും, "ഇന്നു ഏതു ദിവസ മാണെന്നു എനിക്ക് അറിയില്ല. ഞാൻ ഊഹിക്കുന്നതു എനിക്കു വീണ്ടും

കാര്യക്രമം നടത്തുവാൻ ഞായറാഴ്ച്ച വേണ്ടിവരുമെന്നാണ്." പരിഭ്രാന്തമായ ഒരാഴ്ച്ചയ്ക്കുശേഷം നാം കൂടി വരുമ്പോൾ ഇന്നു അങ്ങനെയാണ് തോന്നുന്നത്.

സ്റ്റാലിന്റെ പ്രവർത്തന ക്യാമ്പിൽ എട്ടുവർഷം ചിലവിട്ട റഷ്യൻ എഴുത്തുകാരനാണ് അലെക്സാണ്ടർ സോർഷെനിറ്റ്സിൻ. ആ പ്രയാസമുള്ള വർഷങ്ങളിൽ ഒരു ദിവസം അയാളുടെ എല്ലാ പ്രത്യാശയും നഷ്ടമായി, ജീവിതം ഇല്ലാതാക്കുവാൻ തീരുമാനിച്ചു. അയാൾ രോഗിയും, ക്ഷീണിതനും, നിരാശനും ആയിരുന്നു. ഒരിക്കൽ സോർഷെനിറ്റ്സിൻ ചട്ടുകം കൊണ്ടു ചെയ്യേണ്ട തന്റെ ജോലി നിർത്തി, ഒരു മര ബെഞ്ചിലേക്കുനടന്നു, അവിടെ ഇരുന്നു, ഒരു ഗാർഡ് താൻ ചെയ്യുന്നതു കാണട്ടെ എന്നു വിചാരിച്ചു. ഗാർഡ് അയാളെ അങ്ങനെ കണ്ടാൽ ആ ചട്ടുകം കൊണ്ടു അയാളെ അടിച്ചു കൊല്ലും. എങ്ങനെയായാലും, ആ ദിവസം, ഗാർഡല്ല, മറ്റൊരാളാണ് സോൾഷെനിറ്റ്സിൻ അവിടെ ഇരിക്കുന്നതുകണ്ടത്. കൂനുപിടിച്ച വൃദ്ധൻ തന്റെ മുഖത്തു വലിയ ഭാവവ്യത്യാസമൊന്നുമില്ലാതെ അവിടേക്കു വന്നു അയാളുടെ അടുത്ത് ഇരുന്നു. തന്റെ കയ്യിലെ വടികൊണ്ടു സോൾഷെനിറ്റ്സിന്റെ കാലിനടുത്ത് ഒരു കുരിശ് വരച്ചു. അവന്റെ നിരാശ ഉയർന്നു, അവന്റെ ആത്മാവിലേക്കു സത്യം വന്നു, ജീവിക്കേണ്ട ഉദ്ദേശം അയാളുടെ ഹൃദയത്തിലേക്കു മടങ്ങിവന്നു. അയാൾ എഴുന്നേറ്റു, തന്റെ ചട്ടുകം എടുത്തു, തിരിച്ചു ജോലിക്കുപോയി. വർഷങ്ങൾക്കുശേഷം, അയാൾ എഴുതിയ പുസ്തകങ്ങൾ ദശലക്ഷക്കണക്കിനു ആളുകളെ പ്രചോദിപ്പിച്ചിട്ടുണ്ട്. മണലിൽ വരച്ച വെറുമൊരു ക്രൂശ് സോൾഷെനിസ്റ്റിന്റെ ആത്മാവിനെ യഥാസ്ഥാനപ്പെടുത്തുകയും, അങ്ങനെ, അയാളുടെ ജീവൻ രക്ഷിക്കുകയും ചെയ്തു. അതേ നവീകരിക്കുവാൻ ശക്തിയുള്ള കുരിശാണ് നമുക്ക് ഇന്നും ആവശ്യം.

പുതിയ നിമയത്തിൽ ഉടനീളം, തിരുവെഴുത്ത് ആഹ്വാനം ചെയ്യുന്നത് ക്രൂശിലേക്കു തിരിച്ചുവരുവാനാണ്. സഭ ഒരു പുതിയ വെല്ലുവിളി നേരിടുകയാണോ, തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പ്രശ്നമോ അല്ലെങ്കിൽ ഭയങ്കരമായ ഒരു പ്രതിസന്ധി നേരിടുകയോ ചെയ്യുമ്പോൾ, ആത്മശ്വാസിയ എഴുത്തുകാർ പറയുന്നത്, "ക്രൂശിലേക്കു നോക്കുക!" ആയിരക്കണക്കിനു വർഷങ്ങൾക്കു മുൻപു അവർ ക്രൂശിലേക്കു നോക്കിയതുപോലെ, നാം നേരിടുന്ന എന്തു പ്രശ്നമായാലും സഹായത്തിനു അവർ നോക്കിയതുപോലെ നോക്കണം.

### ഭിന്നതക്കുള്ള ഉത്തരം

കൊടുങ്കാറ്റടിക്കുമ്പോൾ സഭ സഹായത്തിനായി എങ്ങനെ ക്രൂശിൽ നോക്കണം എന്ന മാതൃക പൗലൊസിന്റെ 1 കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ കാണാം. ആരംഭത്തിൽ അവൻ ആ സഭയോടൊപ്പം ആയിരുന്നതുകൊണ്ടു, പൗലൊസിനു അവരോടു വാത്സല്യമുണ്ടായിരുന്നു. അതേ സമയം, എങ്ങനെയായാലും, സഭയെ വിഭജിക്കുന്ന വാദങ്ങളും തർക്കങ്ങളും അവന്റെ മനസ്സിനെ അലോസരപ്പെടുത്തി. തന്റെ ലേഖനത്തിന്റെ മുഖവുരയിൽ, അവൻ അവരോടു ഐകമത്യപ്പെടു

വാൻ അപേക്ഷിക്കുന്നു:

> നിങ്ങൾ എല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ, ഏകമനസിലും, ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു. സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ പിണക്കം ഉണ്ടെന്നു ക്ലോവയുടെ ആളുകളാൽ എനിക്കു അറിവു കിട്ടിയിരിക്കുന്നു (1 കൊരിന്ത്യർ 1:10, 11).

അത്തരം പ്രശ്നത്തിനു എന്താണ് പരിഹാരം? അതിനുള്ള പരിഹാരം ക്രൂശാണെന്നു പൗലൊസ് പറഞ്ഞു!

> ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ഞങ്ങൾ പ്രസംഗിക്കുന്നു, ... (1 കൊരിന്ത്യർ 1:23).
>
> ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു (1 കൊരിന്ത്യർ 2:2).

പൗലൊസ് അവരോടു പറഞ്ഞു, "ക്രൂശിലേക്കു നോക്കുക," "അങ്ങനെ ഭിന്നതക്കു നിങ്ങൾ പരിഹാരം കണ്ടെത്തും."

**വേദനക്കുള്ള ഉത്തരം**

സഭ പ്രയാസം നേരിടുമ്പോൾ ക്രൂശ് എങ്ങനെ സഹായിക്കുമെന്ന രണ്ടാമത്തെ ഉദാഹരണം: 1 പത്രൊസിന്റെ ലേഖനത്തിൽ കാണുന്നു. ക്രിസ്ത്യാനികൾ അവരുടെ വിശ്വാസത്തിനുവേണ്ടി കഷ്ടതയേറ്റു. നിരാശാസമയത്തു ശരിയായ ആശ്വാസത്തിനു അവർ എവിടെ പോകും? പത്രൊസ് പറഞ്ഞു ക്രൂശിലേക്കു പോകുക!

> അതിന്നായിട്ടല്ലൊ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടുകളെ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. *അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല* തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തതു. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു (1 പത്രൊസ് 2:21-24; എംഫസിസ് മൈൻ).

പൗലൊസ് പറയുന്നതു, "ക്രൂശിലേക്കു നോക്കുക," "എന്നാൽ നിങ്ങ

ളുടെ കഷ്ടതക്കു പരിഹാരം കാണും."

**തെറ്റിനുള്ള ഉത്തരം**

ക്രിസ്ത്യാനികൾക്കു നിരാശപ്പെടുത്തുന്ന തെറ്റിദ്ധാരണ നേരിടുമ്പോൾ സഹായത്തിനു ക്രൂശിനെ നോക്കണം എന്നതിനുള്ള മൂന്നാമത്തെ ഉദാഹരണമാണ് ഗലാത്യലേഖനം. പൗലൊസ് തന്റെ ആദ്യത്തെ മിഷ്ണറിയാത്രയിൽ സ്ഥാപിച്ചതായ പുതിയ സഭകളിൽ, പുതിയനിയമ എഴുത്തുകളിൽ വെച്ചു, ഗലാത്യലേഖനം എഴുതിയിരിക്കുന്നതു നിയമാവലികളിൽ പിടിച്ചുതൂങ്ങിക്കിടക്കുന്നവരെ നേരിടേണ്ടതിന്നാണ്. പൗലൊസ് പഠിപ്പിച്ചുപോയതിനു പുറകെ ദുരുപദേഷ്ടാക്കൾ ചെന്നു, രക്ഷിക്കപ്പെടുവാൻ നിങ്ങൾ മോശെയുടെ ന്യായപ്രമാണം കൂടെ അനുസരിക്കണം എന്നു ക്രിസ്ത്യാനികളെ ഉപദേശിക്കുവാൻ തുടങ്ങി. ഇതു ഭോഷ്ക്കാണ് എന്നും സഭയുടെ നിലനില്പിനു തന്നെ ഇതു ഭീഷണി ആണെന്നും പൗലൊസ് മനസിലാക്കി. ഈ ദുരുപദേഷ്ടാക്കളെയും ദുരുപദേശത്തെയും നേരിടുവാൻ സഹായത്തിന് ക്രിസ്ത്യാനികൾ എവിടേക്കുപോകും? പൗലൊസ് പറഞ്ഞു അവർ ക്രൂശിലേക്കു പോകണം!

> എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം; "നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലൊ ഉള്ളതു." ന്യായപ്രമാണത്തിന്നോ വിശ്വാസമല്ല; ആധാരമായിരിക്കുന്നതു, "അതു ചെയ്യുന്നവൻ അതിനാൽ ജീവിക്കും എന്നുണ്ടല്ലോ." "മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ" എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു - ന്യായ പ്രമാണത്തിന്റെ ശാപത്തിൽ നിന്നു നമ്മെ വിലെക്കുവാങ്ങി (ഗലാത്യർ 3:11-13).

പൗലൊസ് ഗലാത്യരോടു പറഞ്ഞു, "ക്രൂശിലേക്കു നോക്കുക," എന്നാൽ "എതിരായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ ആശയങ്ങൾക്കു പരിഹാരം കണ്ടെത്തും."

**ഉപസംഹാരം**

ഇന്നത്തെ വിഷയമായി, ഈ സമയത്തു യോഹന്നാന്റെ സുവിശേഷപഠനം. പരസ്പരം ചോദിക്കാം യേശു പറഞ്ഞു, "ഞാനോ ഭൂമിയിൽ നിന്നു ഉയിർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്കു ആകർഷിക്കും എന്നുത്തരം പറഞ്ഞു" (12:32). ക്രൂശ് നമ്മുടെ ഹൃദയങ്ങളെ ആകർഷിച്ചു, വലിച്ചുകൊണ്ടിരിക്കുന്നു, അവിടെയാണ് നമ്മുടെ രക്ഷകൻ നമുക്കുവേണ്ടി മരിച്ചത്.

ഒരു എഴുത്തുകാരനായിരുന്ന ബിൽ ബ്രിഡ്ജ് വാട്ടർ, തന്റെ കുട്ടിക്കാലം, എങ്ങനെയായിരുന്നു എന്നു പറയുന്നു, ബുള്ളി എന്ന മറ്റൊരാൾ ബില്ലിനെ എപ്പോഴും ഉപദ്രവിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ബില്ലിന്റെ കയ്യിൽ കിടന്ന ഒരു പ്രത്യേക മോതിരം ബുള്ളി കൈവശ

പ്പെടുത്തി. തിരിച്ചു ചോദിച്ചപ്പോൾ പറഞ്ഞു, എത്രത്തോളം ശക്തിയായി അവന്റെ പുറകിൽ ഇടിക്കാമോ അത്രയും ശക്തിയായി ഇടിച്ചാൽ മോതിരം തിരികെ കൊടുക്കാമെന്നു പറഞ്ഞു. വേദന സഹിക്കാൻ കഴിയാത്തതുകൊണ്ടു ബിൽ എല്ലായ്പ്പോഴും, തരം താഴ്ത്തപ്പെട്ടു, മോതിരം ഇല്ലാതെ നടന്നു നീങ്ങും. പിന്നെ, ഒരു ദിവസം ബില്ലിന്റെ അടുത്ത സ്നേഹിതനായിരുന്ന ലാറി ഡേവിസിനോടു ഈ കാര്യം പറഞ്ഞു, ഡേവിസ് ബില്ലിനുവേണ്ടി ഇടി വാങ്ങാമെന്നു പറഞ്ഞു. അങ്ങനെ ബുള്ളി ലാറിയെ ഇടിച്ചു മോതിരവുംകൊടുത്തു.

ആ ബാല്യകാല സംഭവം ഓർമ്മിച്ചു, ബ്രിഡ്ജ്വാട്ടർ എഴുതി, "ഈ ദിവസംവരെ ആ മോതിരത്തിനു എന്തു സംഭവിച്ചു എന്ന് എനിക്ക് ഓർമ്മയില്ല, എന്നാൽ ലാറി എനിക്കുവേണ്ടി ആ ഇടി വാങ്ങിയതു, എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല."

ഒരാഴ്ച്ചത്തെ കറക്കത്തിനുശേഷം ഇന്നു നമ്മെ നവീകരിക്കുവാൻ ക്രിസ്തുവിന്റെ ക്രൂശ് സഹായിക്കുന്നു. നിരാശപ്പെടുത്തുന്ന വെല്ലുവിളികളെ എങ്ങനെ നേരിടാമെന്നു അതു കാണിച്ചു തരുന്നു. അതു നമ്മുടെ ഹൃദയങ്ങളെ ദൈവത്തിലേക്കു മടങ്ങിപോകുവാൻ ആകർഷിക്കുന്നു.

© 2009 Truth for Today